# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5587** **02/07/2014-ൽ മറുപടിക്ക്**

## ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ

**ചോദ്യം** — **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

**മറുപടി** — **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ കേടായി കിടക്കുന്ന ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി നൽകുന്ന ഉപകരണങ്ങളുടെ വാറന്റി സമയത്തുള്ള പ്രവർത്തനക്ഷമത ഉറപ്പുവരുത്തുവാൻ ഒരു മെയിന്റനൻസ് സർവ്വീസ് വിഭാഗം കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷൻ വാങ്ങി നൽകുന്ന ഉപകരണങ്ങളുടെ കേടുപാടുകൾ യഥാസമയം അറിയിക്കുവാൻ ഒരു ടോൾ ഫ്രീ നമ്പറും (**1800 425 0004**) കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>കൂടാതെ വാറന്റി സമയത്തുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനായി (മെഷിൻ കേടുവന്നാൽ 24 മുതൽ 48 മണിക്കൂറിനകം വന്നു പരിശോധിക്കേണ്ടതും, ഓരോ മെഷിനും വർഷത്തിൽ നാലുതവണ അറ്റകുറ്റപ്പണികൾ നടത്തുകയും (Preventive Maintenance) ചെയ്യുന്നതിന്) ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുമൂലം ദീർഘകാലം ഉപകരണങ്ങൾ ഉപയോഗിക്കാൻ ആശുപത്രികൾക്ക് സാധിക്കുന്നു.<br>വാറന്റിക്കുശേഷമുള്ള ഉപകരണങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാൻ വാറന്റി കഴിയുന്നമുറയ്ക്ക് തന്നെ കോർപ്പറേഷന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് നേരത്തെ നിശ്ചയിച്ച തുകയ്ക്ക് മെയിന്റനൻസ് കരാർ അതാത് കമ്പനികളുമായി ഉറപ്പിക്കുകയും ഇത് ആശുപത്രികളെ അറിയിക്കുകയും ചെയ്യുന്നു.<br>എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടും അനുബന്ധിച്ച് ഒരു സെൻട്രൽ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപ്പെന്റർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട വൈദഗ്ധ്യമുള്ള ജീവനക്കാരുടെ സേവനം ഈ വർക്ക്ഷോപ്പുകളിൽ ലഭ്യമാണ്. കൂടാതെ ഉപകരണങ്ങളുടെ വാറണ്ടി പിരീയഡ് തീരുന്ന മുറയ്ക്ക് എച്ച്.ഡി.എസ്. ഫണ്ടുപയോഗിച്ച് കാലാകാലങ്ങളിൽ എ.എം.സി.യും എടുക്കാറുണ്ട്.<br>എല്ലാ സർക്കാർ ആശുപത്രികളിലേയും ആശുപത്രി വികസന സമിതികൾക്ക് വികസന സമിതി ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാതെ കൂടുതൽ തുക ആവശ്യമായ ഘട്ടത്തിൽ ഫണ്ട് 2210-01-110-78 (18) എന്ന ശീർഷകത്തിൽ |

| | | | |
|---|---|---|---|
| | | | പണം ലഭ്യമാണ്. ആയത് അനുവദിച്ച് നൽകാറുണ്ട്. |
| (ബി) | ഇപ്പോൾ ഓരോ ജില്ലയിലും കേടായി കിടക്കുന്ന പ്രധാന പരിശോധനാ ഉപകരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | നിരന്തരമായി ആശുപത്രികളിലെ ആധുനിക ഉപകരണങ്ങൾ കേടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ തുടർച്ചയായി ഉപകരണങ്ങൾ കേടു വരുന്നതിന്റെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഡി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ